"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം - 2024-25 - പോലീസ് വകുപ്പിലെ മെസ് നടത്തിപ്പിനായി മെസ് ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3259/2024/HOME തീയതി,തിരുവനന്തപുരം, 05-11-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 28.09.2024 തീയതിയിലെ യു2-137571/2024/പി.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 നവംബർ 15-ന് ആരംഭിക്കുന്ന 2024-25 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, നിലക്കൽ, എരുമേലി, മണിയാർ, പുല്ലുമേട് എന്നിവിടങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി മെസ് നടത്തുന്നതിലേക്ക് SAP, KAP-1, KAP-3, KAP-5 എന്നീ ബറ്റാലിയനുകളെയും, ഇടുക്കി ജില്ലാ പോലീസ് മേധാവിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നും, ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പുറമേ ടി ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന സെൻട്രൽ ഫോഴ്സ്, ഇതര സംസ്ഥാന പോലീസ് സേനാംഗങ്ങൾ, എക്സൈസ്, മോട്ടോർ വാഹനം, ഫയർ&റെസ്ക്യു എന്നീ വിഭാഗക്കാർക്കും മെസ് സൗകര്യം അനുവദിക്കേണ്ടതുണ്ടെന്നും ഇതിനായി ഏകദേശം മൂന്ന് കോടി രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നതായും അതിനാൽ 2024-25 ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പോലീസ് വകുപ്പിന്റെ മെസ് നടത്തുന്നതിന് 2055-00-109-99-34 other charges-3 other items (NV) എന്ന ശീർഷകത്തിൽ 3 കോടി രൂപ മെസ് ഗ്രാന്റായി അനുവദിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ തീർത്ഥാടന വർഷം പോലീസ് മെസ് നടത്തിയ വകയിലെ ഭക്ഷണ ചെലവിന്റെ അടിസ്ഥാനത്തിൽ, ഒരു ദിവസത്തെ ഭക്ഷണ ചെലവായി ഒരാൾക്ക് 65 രൂപ കണക്കാക്കി, 2024-25 ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, നിലക്കൽ, എരുമേലി, മണിയാർ, പുല്ലുമേട് എന്നീ സ്ഥലങ്ങളിൽ സേവനം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കും, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുമായി 2,60,00,000/- രൂപ (രണ്ട് കോടി അറുപത് ലക്ഷം രൂപ മാത്രം) 2055-00-109-99-00-34 other charges-03 other items (NV) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് പോലീസ് വകുപ്പിന്റെ മെസ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത ആവശ്യത്തിലേക്ക് ആദ്യ ഘട്ടമായി 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) അഡ്വാൻസ് ആയി മേൽ ശീർഷകത്തിൽ നിന്നും 2024 നവംബർ രണ്ടാം വാരത്തിൽ പിൻവലിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (02.11.2024 ലെ (ഇ-2932303) വ്യയം-എ3/548/2024-ധന പ്രകാരം).
ഡയറക്ടർ, ഐ&പിആർഡി (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 05-11-2024 11:07:30

സെക്ഷൻ ഓഫീസർ